(ഇ) ചില ഒഴിവുകൾ പരസ്യം ചെയ്ത് നികത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകളും പരസ്യം ചെയ്തു നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാഭ്യാസ മേഖലയിലുള്ള വിവിധ പ്രോജക്ടുകൾ**

**58 (3699)** ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിലുള്ള വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കി വരുന്ന ജില്ലാ പഞ്ചായത്തുകളുടെ ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസ് നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) വിവിധ മേഖലകളിൽ നിന്നും ഈ ഓഫീസുകൾ നിർത്തലാക്കരുതെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസുകൾ നിർത്തലാക്കുന്ന കാര്യം സർക്കാർ പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

**ജില്ലാ പഞ്ചായത്തുകളുടെ വിദ്യാഭ്യാസമേഖലയിലുള്ള വിവിധ പ്രോജക്ടുകൾ**

**59 (3700)** ശ്രീ. ഏഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ പഞ്ചായത്തുകളുടെ വിദ്യാഭ്യാസ മേഖലകളിലുള്ള വിവിധ പ്രോജക്ടുകൾ ഇപ്പോൾ നടപ്പാക്കി വരുന്ന ജില്ലാ വയോജന വിദ്യാഭ്യാസ ഓഫീസ് നിർത്തലാക്കുവാനുള്ള തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരായി ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ളവരെ ക്ലാർക്കുമാരായി പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൽക്കാലം നിർവാഹമില്ല.

(ബി) ക്ലാസ്സ് 4 ജീവനക്കാരെ ക്ലാർക്കുമാരായി പ്രൊമോട്ടു ചെയ്തു നിയമിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly